# Official Spokesperson's response to media queries on the terrorist attack in Logar, Afghanistan

May 05, 2021

---

## അഫ്ഗാനിസ്ഥാനിലെ ലോഗറിൽ നടന്ന തീവ്രവാദ അക്രമണത്തോടനുബന്ധിച്ചുള്ള മീഡിയ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

**മെയ്** 05, 2021

അഫ്ഗാനിസ്ഥാനിലെ ലോഗറിൽ നടന്ന തീവ്രവാദ അക്രമണത്തോടനുബന്ധിച്ചുള്ള മീഡിയ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു

റമദാൻ മാസത്തിൽ തന്നെ 21 നിരപരാധികൾ മരണമടയുന്നതിനും നൂറിലധികം പേർക്ക് പരിക്കേൽക്കുന്നതിനും കാരണമായി അഫ്ഗാനിസ്ഥാനിലെ ലോഗാർ പ്രവിശ്യയിൽ നടന്ന ഭീകരാക്രമണത്തെ ഇന്ത്യ ശക്തമായി അപലപിക്കുന്നു. ഈ ദുരിതസമയത്ത് ദുരന്തത്തിൽ ഇരയാക്കപ്പെട്ടവരോടും അവരുടെ  കുടുംബങ്ങളോടും അഫ്ഗാനിസ്ഥാനിലെ ജനതയോടും ഇന്ത്യ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു .

അഫ്ഗാനിസ്ഥാനിൽ സുസ്ഥിരമായ സമാധാനത്തിലേക്ക് നയിക്കുന്ന രീതിയിലുള്ള ശാശ്വതവും സമഗ്രവുമായ വെടിനിർത്തലിന്റെ അടിയന്തിര ആവശ്യകത ഞങ്ങൾ ആവർത്തിക്കുകയാണ്.

ഇതുപോലുള്ള ആക്രമണങ്ങളിലേക്ക് നയിക്കുന്ന തീവ്രവാദികളുടെ സംരക്ഷണ താവളങ്ങളും സങ്കേതങ്ങളും അവസാനിപ്പിക്കാനുള്ള ആഹ്വാനത്തിൽ ഇന്ത്യ ഉറച്ചുനിൽക്കുകയാണ്.

ഇന്ത്യ അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്കൊപ്പം നിൽക്കുകയും തീവ്രവാദത്തിനെതിരായ പോരാട്ടത്തെ നേരിട്ട ധീരരായ അഫ്ഗാൻ സേനയുടെ ധൈര്യത്തെ അഭിവാദ്യം ചെയ്യുകയും ചെയ്യുന്നു.

**ന്യൂ ഡൽഹി**
**മെയ് 05, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.